

ദേശമംഗലം ഗ്രാമപഞ്ചായത്ത്

പൗരാവകാശ രേഖ

2026


ദേശമംഗലം ഗ്രാമപഞ്ചായത്ത്

ദേശമംഗലം പി.ഒ,

തൃശ്ശൂർ ജില്ല,

Ph.04884-277338

Email- desamangalam.panchayat@gmail.com


ശ്രമത്തിലാണ്,
ഫലപ്രാപ്തിയിലല്ല
സംതൃപ്തി ഉളവാകുന്നത്.
സമ്പൂർണ്ണ ശ്രമം
സമ്പൂർണ്ണ വിജയമാകുന്നു.
~ ഗാന്ധിജി

ഉള്ളടക്കം

ആമുഖം

പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ

പൗരസർവ്വേ റിപ്പോർട്ട് പശ്ചാത്തലം

പൗരസർവ്വേ ലക്ഷ്യങ്ങൾ

പൗരസർവ്വേ രീതിശാസ്ത്രം

പൗരസർവ്വേ പ്രധാന നീരീക്ഷണങ്ങളും കണ്ടെത്തലുകളും

സേവന സംവിധാനം മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ

ഉപസംഹാരം

ആമുഖം



പ്രിയരേ,

ദേശമംഗലം ഗ്രാമപഞ്ചായത്ത് ജനങ്ങൾക്ക് നൽകി വരുന്ന സേവനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ഈ വർഷത്തെ പദ്ധതിയിൽ ഐ.എസ്.ഒ നേടുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കഴിഞ്ഞ വാർഷിക പദ്ധതിയിൽ മെച്ചപ്പെട്ട രീതിയിൽ ചിലവു പുരോഗതി കൈവരിച്ചിട്ടുണ്ട്. തികച്ചും സാധാരണക്കാരായ പൊതുജനങ്ങളാണ് പഞ്ചായത്തിൽ സേവനം ലഭിക്കുന്നതിന് വരുന്നത്. ആയത് കൃത്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥരുടേയും ജന പ്രതിനിധികളുടേയും ആത്മാർത്ഥമായ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാലും കൂടുതൽ ജനങ്ങളുടെ ശ്രദ്ധയും അംഗീകാരവും നേടിയെടുക്കുന്നതിന്റെ ഭാഗമായി ജനങ്ങളുടെ അഭിപ്രായങ്ങളും വിമർശനങ്ങളും നിർദേശങ്ങളും സ്വീകരിക്കുന്നതിനു വേണ്ടി പൗര സർവ്വേ നടത്തുകയുണ്ടായി.ജനങ്ങളുടെ പരിപൂർണ്ണ സഹകരണത്തിന്റെ ഫലമാണ് ഈ പൗര സർവ്വേ റിപ്പോർട്ട്. റിപ്പോർട്ട് തയ്യാറാക്കുന്നതിന് കില നൽകി വരുന്ന സഹായ സഹകരണങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം ജനങ്ങളുടെ ആഗ്രഹങ്ങൾക്കനുസരിച്ച് അന്താരാഷ്ട്ര നിലവാരമുള്ള പഞ്ചായത്തായി മാറാൻ കഴിയുമെന്ന ശുഭപ്രതീക്ഷയോടെ.

`ഭരണസമിതിക്ക് വേണ്ടി,

ശ്രീമതി . സന്ധ്യ കെ സി

പ്രസിഡന്റ്

ദേശമംഗലം ഗ്രാമപഞ്ചായത്ത്


തദ്ദേശ സ്ഥാപനത്തിന്റെ വികസന സ്ഥിതി

പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ പേര്	ദേശമംഗലം
ഉൾപ്പെടുന്ന വില്ലേജുകൾ	ദേശമംഗലം, പല്ലൂർ, തലശ്ശേരി, ആറംങ്ങോട്ടുകര
ബ്ലോക്ക് പഞ്ചായത്ത്	വടക്കാഞ്ചേരി
താലൂക്ക്	തലപ്പിള്ളി
ജില്ല	തൃശ്ശൂർ
നിയമസഭാമണ്ഡലം	ചേലക്കര (പട്ടികജാതി സംവരണം)
ലോകസഭാമണ്ഡലം	ആലത്തൂർ (പട്ടികജാതി സംവരണം)
വിസ്തീർണ്ണം	23.35 ച.കി.മീറ്റർ
കിഴക്ക്	വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത്, ഭാരതപ്പുഴ
പടിഞ്ഞാറ്	തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
തെക്ക്	വരവൂർ ഗ്രാമപഞ്ചായത്ത്
വടക്ക്	ഭാരതപ്പുഴ
ജനസംഖ്യ	24754
സ്ത്രീകൾ	12521
പുരുഷൻമാർ	12233
സാക്ഷരതാ നിരക്ക്	95.90%
വാർഡുകളുടെ എണ്ണം	16
സ്ത്രീ സംവംരണം	8
പട്ടികജാതി സംവരണം	3
ജനറൽ	13

DESAMANGALAM

DISTRICT NAME :THRISSUR



ദേശമംഗലം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ

1	ശ്രീമതി. സന്ധ്യ കെ.സി	പ്രസിഡന്റ്
2	ശ്രീ. സലിം കെ.എം	വൈസ് പ്രസിഡന്റ്
3	ശ്രീമതി. ബീന എം.എസ്	ചെയർപേഴ്സൺ വികസന സ്റ്റാന്റിങ്ങ്കമ്മിറ്റി
4	ശ്രീ. പി.എസ്. ലക്ഷ്മണൻ	ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റി
5	ശ്രീമതി. എം. മഞ്ജുള	ചെയർപേഴ്സൺ ആരോഗ്യ,വിദ്യഭ്യാസ, സ്റ്റാന്റിങ്ങ് കമ്മിറ്റി
6	ശ്രീ. ഷിഹാബുദ്ധീൻ	വാർഡ് മെമ്പർ
7	ശ്രീ. മനോജ് പി.ബി	വാർഡ് മെമ്പർ
8	ശ്രീമതി. സുധ പി. എൻ	വാർഡ് മെമ്പർ
9	ശ്രീ. കൃഷ്ണകുമാർ എം.വി	വാർഡ് മെമ്പർ
10	ശ്രീമതി. ജയലക്ഷ്മി ടീച്ചർ	വാർഡ് മെമ്പർ
11	ശ്രീമതി. ചലിത എം.സി	വാർഡ് മെമ്പർ
12	ശ്രീ. സക്കീർ ഹുസൈൻ	വാർഡ് മെമ്പർ
13	ശ്രീമതി. സിന്ധു കെ.എസ്	വാർഡ് മെമ്പർ
14	ശ്രീ. ഹരിദാസൻ	വാർഡ് മെമ്പർ
15	ശ്രീമതി. ഫർസാന	വാർഡ് മെമ്പർ
16	ശ്രീമതി. സരിത എം.ജി	വാർഡ് മെമ്പർ
	ലോകസഭാഗം	
1.	ശ്രീ. കെ രാധാകൃഷ്ണൻ	(എം.പി) ആലത്തൂർ നിയോജകമണ്ഡലം
	നിയമസഭാ അംഗം	
1.	ശ്രീ. യു ആർ പ്രദീപ്	(എം.എൽ.എ) ചേലക്കര നിയോജകമണ്ഡലം
	തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗം	
1.	ശ്രീമതി. മീന സാജൻ	ജില്ലാ പഞ്ചായത്ത്മെമ്പർ

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ

1	ശ്രീ. കെ. പ്രേമൻ	കൊണ്ടയ്യൂർ ഡിവിഷൻ
2	ശ്രീ. പി.ഐ ഷാനവാസ്	ദേശമംഗലം ഡിവിഷൻ
3	ശ്രീമതി. ഷംല ഷിഹാബ്	തലശ്ശേരി ഡിവിഷൻ

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

1	ശ്രീ. ജസ്റ്റിൻ ലാൽ	സെക്രട്ടറി
2	ശ്രീ. പ്രേംചന്ദ് പി.എസ്	അസി.സെക്രട്ടറി
3	ഒഴിവ്	ഹെഡ് ക്ലർക്ക്
4	ശ്രീമതി. ഷീജ പി	അക്കൌണ്ടൻറ്
5	ശ്രീമതി. ജാസ്മിൻ	സീനിയർ ക്ലർക്ക്
6	ശ്രീമതി. ദിവ്യ വേണുഗോപാൽ	സീനിയർ ക്ലർക്ക്
7	ശ്രീ. ശിവപ്രസാദ് ടി.എസ്	സീനിയർ ക്ലർക്ക്
7	ശ്രീ. ജിജീഷ് വി.എസ്	ക്ലർക്ക്
8	ശ്രീമതി. മേഘ്ന കെ.എൻ	ക്ലർക്ക്
9	ശ്രീ. പ്രശാന്ത് എം.കെ	ക്ലർക്ക്
10	ശ്രീ. സാജുമോൻ ബി	ക്ലർക്ക്
11	ശ്രീമതി. രാധിക സി.ബി	ഓഫീസ് അറ്റൻറ്റൻറ്
12	ഒഴിവ്	പാർട്ട് ടൈം സ്വീപർ
13	ശ്രീ. ഷെബീർ ഒ.എം	ടെക്നിക്കൽ അസിസ്റ്റൻറ്
14	ഒഴിവ്	പ്രോജക്ട് അസിസ്റ്റൻറ്
15	ശ്രീമതി.ലളിത കെ.ബി	പ്രേരക്
16	ശ്രീമതി. സബ്ന വി.എ	ഇ.ഡി.ഇ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

1	ശ്രീമതി. പ്രീതി രാജേഷ്	അക്രഡിറ്റഡ് എഞ്ചിനീയർ
2	ശ്രീ. പ്രജീഷ്. കെ	ഓവർസിയർ
3	ശ്രീമതി. ശ്രീദേവി	അക്കൌണ്ടന്റ് കം ഐ .ടി അസിസ്റ്റന്റ്റ്

കുടുംബശ്രീ

1	ശ്രീമതി. ബുഷറ ബഷീർ	സി.ഡി.എസ്. ചെയർപേഴ്സൺ
2	ശ്രീമതി. സ്മിത	അക്കൌണ്ടന്റ്

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

1	ശ്രീ. ജസ്റ്റിൻ ലാൽ	സെക്രട്ടറി
2	ശ്രീമതി. ഡിംപിൾ	അസി.എഞ്ചിനീയർ
3	ശ്രീ. പ്രേംചന്ദ് പി.എസ്	അസി.സെക്രട്ടറി
4	ഡോ. സരിത	ആയുർവേദ മെഡിക്കൽ ഓഫീസർ
5	ഡോ. സനിത	മെഡിക്കൽ ഓഫീസർ അലോപ്പതി
6	ഡോ. വിദ്യ	മെഡിക്കൽ ഓഫീസർ ഹോമിയോ
7	ഡോ. സിബി സോമു	വെറ്ററിനറി സർജൻ
8	ശ്രീമതി. റംസീന. എ	കൃഷി ഓഫീസർ
9	ശ്രീമതി. മീന	ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. കൊണ്ടയ്യൂർ
10	ശ്രീ. സിനോജ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
11	ശ്രീ. പ്രസൂൺ പവിത്രൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
12	ശ്രീമതി. ഗ്ലിറ്റി	ഐ.സിഡി.എസ് സൂപ്പർവൈസർ
13	ശ്രീമതി. ദിൽഷാദ ടി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പാശ്ചാത്തലം

പഞ്ചായത്തീരാജിലൂടെ 'സ്വരാജ്യം ' (സ്വയം ഭരണം - Self Governance) 'സുരാജ്യം' (സദ്ഭരണം - Good Governance) ആണ് ഗാന്ധിജി വിഭാവന ചെയ്തിരുന്നത്. അധികാരവികേന്ദ്രീകരണം സാർത്ഥകമാക്കാൻ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 1996 ൽ സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. സത്യബ്രത സെന്നിൻറെ നേതൃത്വത്തിലുള്ള കമ്മിറ്റി നിർദ്ദേശങ്ങൾ സദ്ഭരണ സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ്. 'സെൻ' കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1999 ൽ കേരള പഞ്ചായത്തീരാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റി നിയമത്തിലും വരുത്തിയ ഭേദഗതികൾ സദ്ഭരണ തത്വങ്ങളായ പങ്കാളിത്തം, നിയമവാഴ്ച, സുതാര്യത, പ്രതികരണാത്മകത, സമവായം, തുല്യത, കാര്യക്ഷമത, പ്രതിബദ്ധത എന്നിവയിലധിഷ്ഠിതവുമാണ്. കൂടുതൽ അധികാരങ്ങൾ കൈമാറിക്കൊണ്ട് പഞ്ചായത്തുകളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായി മാറ്റിയതിലൂടെ ഗാന്ധിജി വിഭാവന ചെയ്ത 'സ്വരാജ്' സാക്ഷാത്കരിക്കാൻ കേരളത്തിന് കഴിഞ്ഞു. എങ്കിലും പ്രാദേശിക സർക്കാരുകളിലൂടെ സുരാജ് (സദ്ഭരണം) നടപ്പിലാക്കുന്നതിൽ കേരളം ഇനിയും മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

ജനകീയാസൂത്രണം

കേരളത്തിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുവാൻ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ (1997–2002) സ്വീകരിച്ച ജനകീയാസൂത്രണം സദ്ഭരണ തത്വത്തിൽ അധിഷ്ഠിതമാണ്. സദ്ഭരണ തത്വങ്ങളായ ജനകേന്ദ്രീകൃത സമീപനവും പങ്കാളിത്ത രീതിയുമാണ് പ്രധാനമായും ജനകീയാസൂത്രണത്തിൽ അനുവർത്തിച്ചത്.. പത്താം പഞ്ചവത്സര പദ്ധതിക്കാലത്ത് (2002–2007) ഭരണ നവീകരണ പദ്ധതിയുടെ (modernisation in Government Progrmme) ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൗരന്മാർക്ക് സേവനം നൽകേണ്ടത് തുല്യത, ഉൾക്കൊള്ളൽ, യുക്തിഭദ്രത, ഫലപ്രദം, സുതാര്യത, ഉത്തരവാദിത്തം, പരാതിപരിഹാരം, ജനകേന്ദ്രീകൃതം, നല്ലപെരുമാറ്റം, സേവനാ അവകാശം, സേവനങ്ങൾക്ക് നിലവാരം നിശ്ചയിക്കൽ, തുടർച്ചയായ പുരോഗതി, കാര്യശേഷി വർദ്ധിപ്പിക്കൽ, സമ്പൂർണ്ണത, നീതിയുക്തം, സത്യസന്ധത, സംയോഗം, സുസ്ഥിരം എന്നീ പതിനെട്ട് തത്വങ്ങളെ അടിസ്ഥാനമാക്കിയാകണമെന്ന് നിർദ്ദേശിക്കുന്നു. (കേരള സർക്കാർ, 2004). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സദ്ഭരണ പദ്ധതി (Good Governance Plan) അനിവാര്യ

മാണെന്ന് നിഷ്കർഷിക്കുകയുണ്ടായി. . സദ്ഭരണത്തിൻറെ നിരവധി മാതൃകകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടന്നിട്ടുമുണ്ട്.

ചില സദ്ഭരണ മാതൃകകൾ

സർക്കാരിൻറെ സദ്ഭരണ തത്വങ്ങൾ നടപ്പിലാക്കുന്നതിൻ വിവിധ ഉദ്യമങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട് . കാസർകോട് എൻമകജെ ഗ്രാമപഞ്ചായത്തിൽ മെച്ചപ്പെട്ട ഓഫീസ് മാനേജ്മെൻറിനായി ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമായ ഒന്നാണ്. തിരുവനന്തപുരം കരകുളം ഗ്രാമപഞ്ചായത്തും, നെല്ലനാട് ഗ്രാമപഞ്ചായത്തും ചേർന്ന് പഞ്ചായത്ത് ഓഫീസിനും ഘടക സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പ്രവർത്തനം മെച്ചപ്പെടുത്താനുമുള്ള ശ്രമങ്ങൾ അനുകരണീയ മാതൃകയാണ്. കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് 2007ൽ നടപ്പിലാക്കിയ ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് (Total Quality Management) അഥവാ TQM , മെച്ചപ്പെട്ട ഓഫീസ് മാനേജ്മെൻറും ഗുണമേന്മയു സേവനപ്രദാന സംവിധാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധ്യമാക്കാനുള്ള പ്രായോഗിക മാനേജ്മെൻറ് തന്ത്രമാണെന്നു തെളിയിച്ചു. കേന്ദ്ര സർക്കാരിൻറെയും സംസ്ഥാന സർക്കാരിൻറെയും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മുന്നോട്ടുവയ്ക്കുന്ന ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് (TQM) ഗ്രാമപഞ്ചായത്തുകളിൽ സേവനപ്രദാന സംവിധാനം മെച്ചപ്പെടുത്തി, സദ്ഭരണം ഉറപ്പുവരുത്താൻ പര്യാപ്തമായ മാനേജ്മെൻറ് ഉപാധിയാണ്.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി

കേന്ദ്ര സർക്കാരിൻറെയും സംസ്ഥാന സർക്കാരിൻറെയും പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖകളിൽ സേവന ഗുണനിലവാര വർദ്ധനവിനാണ് മുൻതൂക്കം കൊടുക്കുന്നത്. പ്ലാനിംഗ് കമ്മീഷൻറെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സേവനപ്രദാനത്തിൽ ഗുണനിലവാര വർദ്ധനവിനും സദ്ഭരണത്തിനും ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് ഒരു ഉപാധിയായി നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സേവനപ്രദാന സംവിധാനത്തിൻറെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിന് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത് സദ്ഭരണ കാഴ്ചപ്പാടിലാണ്. 2012 ലെ കേരള സംസ്ഥാന സേവനാവകാശ നിയമം അനുസരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ഗസറ്റ്

വിജ്ഞാപനം വഴി 16 സേവനങ്ങൾ ഉൾപ്പെടുത്തിയതും ഗുണമേൗ ഉറപ്പവരുത്തുന്നതിലൂടെ സദ്ഭരണം സാധ്യമാക്കാനുള്ള ഉദ്യമം ആണ്.

ഗുണമേൗയുടെ ആവശ്യകത

പ്രാദേശിക ഭരണസംവിധാനത്തിൻറെ ഉദ്ദേശം ജനതയുടെ ആവശ്യങ്ങൾ പ്രാദേശിക സാഹചര്യത്തിനനുസരിച്ച് നിറവേറ്റുകയാണ്. പരമ്പരാഗതവും കൈമാറി ലഭിച്ചതുമായ വിവിധ സേവനങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തത്തിൽപ്പെടുന്നു. ഇതിനെ കൃത്യമായി നിർണ്ണയിച്ചും നിർവ്വഹിച്ചും ജനതയുടെ ആവശ്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുന്നതിന് ശാസ്ത്രീയമായ ചട്ടക്കൂടുകൾ രൂപപ്പെടുത്തേണ്ടതാണ് ഇതിനായുള്ള ഒരു പ്രായോഗിക മാനേജ്മെൻറ് തന്ത്രമാണ് ടോട്ടൽ ക്വാളിറ്റി മാനേജ്മെൻറ് (Total Quality Management) അഥവാ TQM. TQM തത്വങ്ങളിലധിഷ്ഠിതമായ സ്ഥാപനത്തിൽ് മെച്ചപ്പെട്ട ഓഫീസ് മാനേജ്മെൻറും ഗുണമേൗയുള്ള സേവനപ്രദാന സംവിധാനവും സാധ്യമാണ്.

TQM ൻറെ കാഴ്ച്ചപ്പാട് അതിൻറെ പേരിൽതന്നെ അടങ്ങിയിരിക്കുന്നു – അതായത് സമ്പൂർണ്ണം, ഗുണമേൗ, സംവിധാനം; സമ്പൂർണ്ണമായ ഗുണമേൗ ഉറപ്പവരുത്തുവാനുള്ള സംവിധാനമാണ് TQM. സമ്പൂർണ്ണതയെന്നത് ഗുണമേൗയുടെ കാര്യത്തിൽ മാത്രമല്ല, സംവിധാനങ്ങളുടെയും ശ്രമങ്ങളുടെയും കാര്യത്തിലും ഉണ്ടാകണം. ഗുണമേന്മ ഉറപ്പവരുത്തുന്നതിനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പൗരൻാരും തമ്മിൽ കൂട്ടായി പരിശ്രമിക്കണം. TQM എന്നത് ഒരു തുടർ പ്രക്രിയയാണ്. ഇത് പൂർണ്ണമായും ജനകേന്ദ്രീകൃതവും ഗുണമേന്മ സംസ്കാരം സൃഷ്ടിക്കുന്നതുമാണ്. നിലവിലുള്ള ഘടകങ്ങളെ ഉപയോഗിച്ച കൊണ്ടു തന്നെ സേവനങ്ങളുടെ ഗുണനിലവാരം കൂടുതൽ മെച്ചപ്പെടുത്തലാണ് TQM ലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള അവസ്ഥയിൽ നിന്നും നിർണ്ണയിക്കപ്പെട്ട ലക്ഷ്യങ്ങളുടെ പ്രാപ്തിയിലേക്കുള്ള വിടവുകളെ നികത്തുന്ന പരിണാമ പ്രക്രിയയാണ് TQM. ആയതിലേക്ക് പ്രമാണങ്ങളുടേയും രേഖകളുടേയും സംവിധാനം ക്രമമാക്കുന്നതിനൊപ്പം, ആശയവിനിമയവും മെച്ചപ്പെടുത്തണം. ജനങ്ങളുടെ യാഥാർത്ഥ്യബോധത്തിലധിഷ്ഠിതമായ സംതൃപ്തിയാണ് TQM ൻറെ മുദ്രാവാക്യം. ജനതയുടെ ആവശ്യത്തിനനുസരിച്ച് സേവനം നൽകുന്നതിന് സ്വീകരിക്കേണ്ടത് നടപടികൾ പരിശോധിച്ച് പ്രായോഗിക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന രീതിശാസ്ത്രമാണ് TQM.

TQM അനുവർത്തിക്കുന്നതിലൂടെ ഗുണമേൗയുള്ള പ്രവർത്തന സംവിധാനവും തദ്വാര സദ്ഭരണവും സാധ്യമാകും. വാണിജ്യ-വ്യാപാര-പൊതുമേഖലാ രംഗങ്ങളിൽ പ്രവർത്തന ഗുണമേൗ

യ്ക്കായി അനുവർത്തിച്ചിരുന്ന (TQM) പഞ്ചായത്തുകളിലും സാധ്യമെന്ന് കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് 2007 ൽ് തെളിയിക്കുകയുണ്ടായി .

പൗരവകാശരേഖയും, സേവനവകാശ നിയമം

സേവനം പൗരൻറെ അവകാശമാണെന്ന് പ്രഖ്യാപിക്കുന്നതാണ് സേവനവകാശം ഒരു പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ, അവയുടെ വ്യവസ്ഥകൾ, അവ ലഭിക്കുന്ന സമയപരിധി എന്നിവ ജനങ്ങൾക്ക് വെളിപ്പെടുത്തുന്ന നയസമീപന സേവന അവകാശരേഖയാണ് പൗരവകാശ രേഖ. ഒരു ഭരണസമിതി അധികാരത്തിൽ വന്നാൽ് പഞ്ചയാത്തിൽ നിന്ന് നൽകുന്ന സേവനങ്ങളുടെ പൗരവകാശ രേഖ തയ്യാറാക്കി ആറു മാസത്തിനകം പ്രസിദ്ധപ്പെടുത്തേൺതാണ്. ഈ പൗരവകാശരേഖയെ അടിസ്ഥാനമാക്കി സേവനങ്ങൾ നൽകാനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരിൽ് നിക്ഷിപ്തമാണ് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 272 എ (1) (2) എന്നിവ ഇതു സംബന്ധിച് വിശദാശംങ്ങൾ പ്രതിപാതിക്കുന്നു ലഭിക്കുന്ന സേവനം തൃപ്തികരമല്ലെങ്കിലോ അല്ലങ്കിൽ നിയമപ്രകാരമുള്ള സമയത്തിനകം ലഭിച്ചില്ലങ്കിലോ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 276 പ്രകാരം ഭരണസമിതി, ട്രബ്യൂണൽ മുതലായ അപ്പീൽ സംവിധാനങ്ങളും നിലവിലുള്ളതാണ് ഏറെ കുറെ ഈ ലക്ഷ്യത്തോട്കൂടിതന്നെയാണ് 2012 ലെ സേവനവകാശ നിയമവും പുറപ്പെടുവിപ്പിച്ചിട്ടുള്ളത് 2012 ലെ സേവനവകാശ നിയമപ്രകാരം നൽകേണ്ടത് സേവനങ്ങളെ സംബന്ധിച്ചും സേവനം നൽകേണ്ടൺ തിയ്യതി, യഥാസമയം സേവനം ലഭിച്ചില്ലെങ്കിൽ അതിന് അപ്പീൽ നൽകാനുള്ള അധികാര സ്ഥാപനം പഞ്ചായത്ത്ഡയരക്ടർ വിജ്ഞപനം ചെയ്തിട്ടുൺ്. കൂടാതെ ഏതൊരു പരാതി കേൾക്കുന്നതിനും, തീർപ്പ് കൽപ്പിക്കുന്നതിനും തദേശസ്ഥാപനങ്ങൾക്ക് വേണ്ടി ബഹു. ഹൈക്കോടതി ജഡ്ജിയുടെ പദവിക്ക് തുല്യമായ പദവിയോട് കൂടി ഓംബുഡ്സ്മാൻ സംവിധാനവും നിലവിലുണ്ട്.

പൊതുവിവരങ്ങൾ

- എല്ലാ സേവനങ്ങൾക്കുള്ള ഫോറങ്ങളും പഞ്ചായത്തിൽ നിന്നും സൗജന്യമായോ യഥാർത്ഥവില ഈടാക്കിയോ നൽകാവുന്നതാണ്.
- അപേക്ഷഫാറങ്ങളിൽ ലഭിച്ച തിയ്യതി, നമ്പർ, സേവനം നൽകേണ്ടത് തിയ്യതി, മറ്റുവിവരങ്ങൾ എന്നിവക്കുള്ളകോളങ്ങൾ കൂട്ടിചേർത്തുകൊണ്ടാണ് പ്രൻറ്ചെയ്ത് നൽകേണ്ടത്.
- സേവനങ്ങളുടെ ഭാഗമായുള്ള സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേര് തസ്തിക ഓഫീസ്, ഫോൺ ന്നപർ എന്നിവ വ്യക്തമായി മനസിലാക്കുന്നവിധം സീൽ പതിക്കേണ്ടതാണ്.അപേക്ഷ നിരസിക്കുന്ന സംഗതികളിൽ

(ക്ഷേമ പെൻഷനുകൾ ഉൾപ്പെടെ) നിരസിക്കുന്നതിനുള്ള കാരണവും അപ്പീൽ/ റിവിഷൻ ഉണ്ടെങ്കിൽ അതിൻറെ അധികാരസ്ഥാനവും സമയപരിതിയും അറിയിക്കേണ്ടതാണ്.

- സേവനവകാശ നിയമപ്രകാരം സേവനങ്ങൾക്കുള്ള അപേക്ഷയിൽ നിശ്ചിത സമയത്തിനകം തീർപ്പ്കൽപ്പിച്ച് അപേക്ഷകനെ അറിയിച്ചില്ലെങ്കിൽ സേവനവകാശ നിയമപ്രകാരമുള്ള അപ്പീൽ അധികാരികൾക്ക് പരാതി നൽകുന്നതിന് പൗരന് അവകാശമുണ്ട്.
- ഓരോ സേവനങ്ങളുടെയും സമയപരിതി സൂചിപ്പിച്ചിട്ടുള്ളത് ബന്ധപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും പഞ്ചായത്ത് ഡയരക്ടരുടെ സേവനവകാശ പ്രകാരമുള്ള വിജ്ഞാപനത്തിൻറെ അടിസ്ഥാനത്തിലുമാണ്
- സേവനം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരപേക്ഷ ലഭിക്കുമ്പോൾതന്നെ സേവനം നൽകാൻ ആവശ്യമായ രേഖകൾ അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കി സേവനം നൽകുന്ന തിയ്യതിക്കൂടി ഉൾപ്പെടുത്തികൊണ്ടാണ് കൈപറ്റ് രസീതി നൽകേണ്ടത്. സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം ആവശ്യമായ രേഖകൾ ഇല്ലങ്കിൽ അപേക്ഷ സമർപ്പിക്കുമ്പോൾതന്നെ ഹാജരാക്കേണ്ട രേഖകളുടെ വിവരം രേഖപ്പെടുത്തി രസീത് നൽകേണ്ടതാണ്. ആവശ്യമായ രേഖകളുടെ വിവരങ്ങൾ ഓരോ സേവനത്തിൻറെയും ഉള്ളടക്കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
- കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 ഐ, 235 ജെ, 235 എൻ, 235 ഡബ്ലിയൂ, 235 എക്സ് എന്നീ വകുപ്പുകൾ ഒഴികെ പ്രസിഡണ്ടോ, സെക്രട്ടറിയോ നൽകിയ നോട്ടീസിനോ പാസ്സാക്കിയ ഉത്തരവിനോ എതിരെ പഞ്ചായത്ത് ഭരണസമിതി മുമ്പാകെ അപ്പീൽ നൽകുവാനുള്ള വ്യവസ്ഥകളും , നികുതി സംബന്ധിച് കാര്യങ്ങളെ പറ്റിയുള്ള അപ്പീൽ ധനകാര്യസ്റ്റാൻറിംഗ് കമ്മറ്റിക്ക് നൽകാൻ അവകാശമുണ്ട് .
- കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 235 ഐ, 235 ജെ, 235 എൻ, 235 ഡബ്ലിയൂ, 235 എക്സ് എന്നീ വകുപ്പുകൾപ്രകാരം സെക്രട്ടറി നൽകിയ നോട്ടീസിനെതിരെയുള്ള അപ്പീൽ തദ്ശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ മുമ്പാകെയാണ് സമർപ്പിക്കേണ്ടത്.

പൗരസർവ്വേ ലക്ഷ്യങ്ങൾ

സേവനാവകാശനിയമത്തിൻറെ സാഹചര്യത്തിലും പഞ്ചായത്തിൻറെ സവിശേഷതകൊണ്ടും ജനഹിതം അറിഞ്ഞ് പ്രവർത്തക്കേണ്ടത് അത്യാവശ്യമാണ്. ഈ അവസരത്തിൽ TQM ൻറെ ഏറ്റവും പ്രധാന തത്വമായ ജനകേന്ദ്രീകൃതത്തിൻറെ ഭാഗമായി ജനാഭിലാഷം അറിയുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തചൻറ ഒരു പൗരസർവ്വേ നടത്താൻ പഞ്ചായത്ത് തീരുമാനിച്ചു..

➢സേവന പ്രദാന സംവിധാനത്തെ കുറിച്ച് ജനങ്ങളുടെ പ്രതീക്ഷകളും അഭിലാഷങ്ങളും കണ്ടെത്തുക.

➢നിലവിലുള്ള സേവന പ്രദാന സംവിധാനത്തിലെ ജനങ്ങളുടെ സംതൃപ്തിയുടെ നിലവാരം തിട്ടപ്പെടുത്തുക

➢നിലവിലുള്ള സേവന പ്രദാന സംവിധാനം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ സ്വരൂപിക്കുക.

പൗരസർവ്വേ രീതി ശാസ്ത്രം

- ദേശമംഗലം ഗ്രാമപഞ്ചായത്ത് (TQM ISO)നടപ്പിലാക്കുന്നതിൻറെ ഭാഗമായി നടത്തിയ പൗരസമൂഹ സർവ്വേയുടെ രീതിശാസ്ത്രം താഴെ പ്രദിപാതിക്കുന്നു.
- പൗരസമൂഹ സർവ്വേയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും, ദ്വിതീയവുമായ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി.

  പ്രാഥമിക സ്രോതസ്സ്: ചോദ്യാവലി (അനുബന്ധം ക)

  ദ്വിതീയ സ്രോതസ്സ്: വികസന രേഖ

  പദ്ധതി രേഖ

  പൗരാവകാശ രേഖ

  കില പ്രസിദ്ധീകരണങ്ങൾ

സാമ്പ്ലിംഗ് രീതി

➢ഫ്രണ്ട് ഓഫീസിൽ നിന്നും 40സാംപിളുകൾ ഇൻസിഡെൻറൽ സാംപ്ലിംഗ് ലൂടെ ശേഖരിച്ചു.

➢ഇവിടം ആകെ ശേഖരിച്ച സാംപിളുകൾ – 40

വിവരശേഖരണ രീതി

➢പഞ്ചായത്ത് രൂപകൽപന ചെയ്ത ചോദ്യാവലി അടിസ്ഥാനമാക്കിയാണ് വിവരശേഖരണം നടത്തിയത്. (ചോദ്യാവലി അനുബന്ധം I)